പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം.3519 | 15. 07.2015- ൽ മറുപടി<br>നല്കേണ്ടത്. |

## നെടുമൺകാവ് സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ ആംബുലൻസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കൊല്ലം ജില്ലയിൽ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള നെടുമൺകാവ് സാമൂഹിക ആരോഗ്യ കേന്ദ്രത്തിന് ആംബുലൻസ് വാങ്ങിയത് എന്നാണ് ; | എ) | 31.03.2012-ൽ |
| ബി) | ഏതുഫണ്ട് വിനിയോഗിച്ചാണ് പ്രസ്തുത ആംബുലൻസ് വാങ്ങിയതെന്നും ആരുടെ പേരിലാണ് പ്രസ്തുത വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വിശദമാക്കാമോ ; | ബി) | കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് 2011-12 പ്രൊജക്ട് നം. 16 പ്രകാരമാണ് വാങ്ങിയത്. മെഡിക്കൽ ഓഫീസർ. സി.എച്ച്.സി നെടുമൺകാവിന്റെ പേരിലാണ് പ്രസ്തുത വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| സി) | പ്രസ്തുതആംബുലൻസ് എത്ര നാൾ സർവ്വീസ് നടത്തി ; ആംബുലൻസിന്റെ സർവ്വീസ് നിർത്തി വയ്ക്കാൻ ഇടയായ കാരണങ്ങൾ വിശദമാക്കുമോ ; | സി) | 24.05.2012 മുതൽ 13.07.2013 വരെ പ്രസ്തുത ആംബുലൻസ് സർവ്വീസ് നടത്തി. ആംബുലൻസ് ഡ്രൈവറുടെ അഭാവവും, ഇൻഷ്വറൻസ് കാലാവധി കഴിഞ്ഞതുകൊണ്ടുമാണ് സർവ്വീസ് നിർത്തി വയ്ക്കാന് ഇടയായത്. |
| ഡി) | ആംബുലൻസിന്റെ സർവ്വീസ് അടിയന്തരമായി പുനരാരംഭിക്കാൻ എന്ത് നടപടി സ്വീകരിയ്ക്കുമെന്ന് അറിയിക്കുമോ ? | ഡി) | 24.06.2015- ലെ എച്ച്. എം. സി. തീരുമാന പ്രകാരം ഇൻഷ്വറൻസ് പുതുക്കുന്നതിനും ആംബുലൻസ് ഉപയോഗപ്രദമാക്കുന്നതിനുമുള്ള നടപടിസ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ